പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *330.

17.10.2016 - ൽ
മറുപടിയ്ക്ക്

## പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>,, കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ എണ്ണം പതിനഞ്ച് ശതമാനത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കമോ ; | (എ) | സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാ എസ്.ഐ മാരേയും വനിതാ പോലീസുകാരേയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനം, സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ നിയമനം നടത്തുന്നതിലേയ്ക്ക് റിക്രൂട്ട്മെന്റ് ചട്ടങ്ങളുടെ പരിഷ്ക്കരണം എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) തമിഴ് നാട് പോലീസ് സേനയിൽ വനിതാ പോലീസ് പ്രാതിനിധ്യം 50 ശതമാനമാണെന്നതും വനിതാ പോലീസ് സ്റ്റേഷനുകൾ വ്യാപകമായി പ്രവർത്തിക്കുന്നുണ്ട് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) തമിഴ് നാട് മാതൃകയിൽ സ്ത്രീസൗഹൃദ വനിതാ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് തുടങ്ങാൻ എന്തെങ്കിലും തീരുമാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (സി) | നിലവിലുണ്ടായിരുന്ന തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി എന്നിവിടങ്ങളിലെ വനിതാ പോലീസ് സ്റ്റേഷനുകൾക്കു പുറമെ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി മാത്രമായി കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ റൂറൽ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും മലപ്പുറം ഒഴികെയുള്ള സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

Rajani M

സെക്ഷൻ ഓഫീസർ